**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2176** **30-09-2025 - ൽ മറുപടിയ്ക്ക്**

**അച്ചടിവകുപ്പിന് കീഴിലെ ബൈട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗവ.സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 09/09/2025-ലെ 6771/2025/ജി.സി.പി.ഇ.6 നമ്പർ സർക്കുലർ പ്രകാരം ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പുതലത്തിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പും പരാതിയുമായി ബന്ധപ്പെട്ട് നാളിതുവരെ വകുപ്പിൽ നടന്ന നടപടിക്രമങ്ങളുടെ ഫയൽ നോട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ സർക്കുലറിൽ (6771/2025/ജി.സി.പി.ഇ.6) പരാമർശിക്കാത്ത സാങ്കേതികവിഭാഗം ജീവനക്കാരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ ആധികാരികത വകുപ്പുതലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട ഫയൽ നോട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; പരിശോധിച്ചിട്ടില്ലെങ്കിൽ ആയത് പരിശോധിക്കേണ്ട എന്ന് വകുപ്പുതലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | സാങ്കേതിക വിഭാഗം തസ്തികകളായ ജീവനക്കാരുടെ ടെക്നീഷ്യൻ ഗ്രേഡ് II, ഇലക്ട്രീഷ്യൻ ഗ്രേഡ് II, ഹെൽപ്പർ ഗ്രേഡ് II തസ്തികകളുടെ യോഗ്യത സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിക്കുന്നതിന് ഒരു പാനലിനെ ചുമതലപ്പെടുത്താറുണ്ട്. ബന്ധപ്പെട്ട ഫയൽ നോട്ടുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# KERALA GOVERNMENT PRESS WORKERS' UNION


Reg. No. 208 of 1955, Affiliated to AITUC
Printing Department, Govt. Central Press
Thiruvananthapuram-1
Email: aitucunionpress@gmail.com

| President | General Secretary | State Secretary | Treasurer |
|---|---|---|---|
| K. E. ISMAIL, Ex. MP. | BENNY P. A. | SURELAL P. | A. K. BINDU |
| 9447055263 | 9847563697 | 9495404488 | 7736476793 |


*Ref. No.* ..............                                                                                    *Date:* 15-09-2025...

സ്വീകർത്താവ്

ബഹു. ഡയറക്ടർ,
അച്ചടി വകുപ്പ്.

ഗവ. സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 9-9-2025-ലെ 6771/2025/ ജി.സി.പി/ഇ6 നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം ലഭിച്ച ബയന്റിംഗ് വിഭാഗം ജീനവക്കാരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുവാനായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ടി പ്രമോഷനുമുന്നേതന്നെ ഈ സർട്ടിഫിക്കറ്റുകൾ ഡയറക്ടർ തലത്തിൽ പരിശോധിക്കുകയും ആയത് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതും അതിൻപ്രകാരം കാലങ്ങളായി സീനിയോറിറ്റി ലിസ്റ്റും പ്രസിദ്ധീകരിച്ചു വരുന്നതുമാണ്. അത്തരത്തിൽ നിയമപരമായി അപേക്ഷിച്ച് സർട്ടിഫിക്കറ്റ് പരിശോധന പൂർത്തീകരിച്ച് യോഗ്യതകൾ അധികാരികൾ ഉറപ്പുവരുത്തി നിയമപരമായി പ്രമോഷൻ നേടിയ ജീവനക്കാരാണ് അച്ചടിവകുപ്പിൽ ഉള്ളത്. ഇപ്പോൾ ഒരുവിഭാഗം ജീവനക്കാരെ വ്യക്തിപരമായി അധിക്ഷേപിക്കുന്നതിനും വേറിട്ടരീതിയിൽ കാണുന്നതിനുമായാണ് ഒരിക്കൽ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തിയ സർട്ടിഫിക്കറ്റ് വീണ്ടും പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. അത്തരത്തിൽ ആധികാരികത പരിശോധിക്കണമെങ്കിൽ എല്ലാ ഉദ്യോഗസ്ഥരുടേയും സർട്ടിഫിക്കറ്റുകളും പ്രവർത്തിപരിചയസർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ പരിശോധിക്കപ്പെടേണ്ടതാണ്. സർക്കാരും പി. എസ്. സി.-യും നിഷ്കർഷിച്ചിട്ടുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടുതന്നെയാണ് ഇവിടെ ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും തുടർ പ്രമോഷനുകൾ നേയിടിട്ടുള്ളതും.

DIRECTOR OF PRINTING
THIRUVANANTHAPURAM

ആയതിനാൽ സർട്ടിഫിക്കറ്റുകൾ പുനഃപരിശോധന നടത്തുകയാണെങ്കിൽ ഒരുവിഭാഗത്തിന്റെ മാത്രം (തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം ലഭിച്ചവർ) സർട്ടിഫിക്കറ്റുകൾ പരിശോധിക്കാതെ എല്ലാ സാങ്കേതികവിഭാഗം ജീവനക്കാരുടേയും പരിചയസർട്ടിഫിക്കറ്റുകളുൾപ്പെടെ പരിശോധിക്കണമെന്ന് താൽപര്യപ്പെടുന്നു.

15.09.25
സുരേലാൽ പി
സംസ്ഥാന സെക്രട്ടറി



No. PTGD/3014/2025-G2 (Computer No. 239452)
Generated from eOffice by RAJI R, G 2 PTG, G2 PTG, DIRECTORATE OF PRINTING on 26/09/2025 03:22 PM

## List of Correspondences

| Receipt No. / Issue No. | Subject | Type | Marked As | Attached On | Issued On | Pages | Remarks |
|---|---|---|---|---|---|---|---|
| 1160106/2025/Tapal Printing | Letter from State Secretary AITUC | Receipt | | 25/09/2025 10:59 AM | | 1-1 | new |

# GOVERNMENT OF KERALA

**Educational Institutions**
**DIRECTORATE OF PRINTING**
**General I Printing**

## SUBJECT

| | |
|---|---|
| **Main Category** | : |
| **Sub Category** | : |
| **Description** | : Nivedanam |

## OTHER DETAILS

| | |
|---|---|
| **Language** | : English |
| **Remarks** | : |
| **Previous References** | : |
| **Later References** | : |

**Note # 1**

കേരള ഗവ .പ്രസ്സ് വർക്കേഴ്സ് യൂണിയൻ സംസ്ഥാന സെക്രട്ടറി യുടെ 15.09.2025 ലെ നിവേദനം

സൂചന സദയം കണ്ടാലും. തിരു.ഗവ.സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ന്റെ 9/9/2025 ലെ 6771/25 /GCP/E 6 U O നോട്ട് പ്രകാരം തസ്തിക മാറ്റം മുഖേന സ്ഥാന കയറ്റം ലഭിച്ച ബൈൻഡിങ് വിഭാഗം ജീവനക്കാരുടെ യോഗ്യത സർട്ടിഫിക്കറ്റുകളുടെ ആധികാരിത പരിശോധിക്കുവാനായി ഹജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.ആയതു ജീവനക്കാരെ വ്യക്തിപരമായി അധിക്ഷേപിക്കുന്നതിനും വേറിട്ട രീതിയിൽ കാണുന്നതിനുമാണെന്നുമുള്ള യുണിയൻ ന്റെ പരാതി കണ്ടാലും.

സ്ഥാനക്കയറ്റം ലഭിച്ച ബയന്റിംഗ് വിഭാഗം ജീവനക്കാരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുവാനായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ടി പ്രമോഷനുമുന്നേതന്നെ ഈ സർട്ടിഫിക്കറ്റുകൾ ഡയറക്ടർ തലത്തിൽ പരിശോധിക്കുകയും ആയത് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതും അതിൻപ്രകാരം കാലങ്ങളായി സീനിയോറിറ്റി ലിസ്റ്റും പ്രസിദ്ധീകരിച്ചു വരുന്നതുമാണ്. അത്തരത്തിൽ നിയമപരമായി അപേക്ഷിച്ച് സർട്ടിഫിക്കറ്റ് പരിശോധന പൂർത്തീകരിച്ച് യോഗ്യതകൾ അധികാരികൾ ഉറപ്പുവരുത്തി നിയമപരമായി പ്രമോഷൻ നേടിയ ജീവനക്കാരാണ് അച്ചടിവകുപ്പിൽ ഉള്ളത്. ഇപ്പോൾ ഒരുവിഭാഗം ജീവനക്കാരെ വ്യക്തിപരമായി അധിക്ഷേപിക്കുന്നതിനും വേറിട്ടരീതിയിൽ കാണുന്നതിനുമായാണ് ഒരിക്കൽ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തിയ സർട്ടിഫിക്കറ്റ് വീണ്ടും പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. അത്തരത്തിൽ ആധികാരികത പരിശോധിക്കണമെങ്കിൽ എല്ലാ ഉദ്യോഗസ്ഥരുടേയും സർട്ടിഫിക്കറ്റുകളും പ്രവർത്തിപരിചയസർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ പരിശോധിക്കപ്പെടേണ്ടതാണ്. സർക്കാരും പി. എസ്. സി.-യും നിഷ്കർഷിച്ചിട്ടുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടുതന്നെയാണ് ഇവിടെ ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും തുടർ പ്രമോഷനുകൾ നേടിയിട്ടുള്ളതും.

ആയതിനാൽ സർട്ടിഫിക്കറ്റുകൾ പുനഃപരിശോധന നടത്തുകയാണെങ്കിൽ ഒരുവിഭാഗത്തിന്റെ മാത്രം (തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം ലഭിച്ചവർ) സർട്ടിഫിക്കറ്റുകൾ പരിശോധിക്കാതെ എല്ലാ സാങ്കേതികവിഭാഗം ജീവനക്കാരുടേയും പരിചയസർട്ടിഫിക്കറ്റുകളുൾപ്പെടെ പരിശോധിക്കണമെന്ന് താത്പര്യപ്പെടുന്നു.

മേൽ വിഷയത്തിന്മേൽ റിപ്പോർട്ട്, ഡെപ്യൂട്ടി സൂപ്രണ്ട് ജനറൽ നിന്നും ആരായാവുന്നതാണോ എന്ന് ഉത്തരവായാലും.

**25/09/2025 03:17 PM**

**RAJI R**
**G2 PTG**

---

**Note # 2**

മുൻ ഖണ്ഡിക കണ്ടാലും.തിരു.ഗവ.സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ന്റെ 9/9/2025 ലെ 6771/25 /G C P/E 6 U O നോട്ട് പ്രകാരം തസ്തിക മാറ്റം മുഖേന സ്ഥാന കയറ്റം ലഭിച്ച ബൈൻഡിങ് വിഭാഗം ജീവനക്കാരുടെ യോഗ്യത സർട്ടിഫിക്കറ്റുകളുടെ ആധികാരിത പരിശോധിക്കുവാനായി ഹജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതായും .ആയതു ജീവനക്കാരെ വ്യക്തിപരമായി അധിക്ഷേപിക്കുന്നതിനും വേറിട്ട രീതിയിൽ

കാണുന്നതിനുമാണെന്നുമുള്ള യുണിയൻ ന്റെ പരാതി സംബന്ധിച്ചു റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണോ എന്ന് നിർദേശിച്ചാലും.

**25/09/2025 03:23 PM** — **LATHIKA KUMARI V**
**JS GEN I PTG**

---

**Note # 3**

മുൻ ഖണ്ഡിക വിഷയം സംബന്ധിച്ച റിപ്പോർട്ട് ഡെപ്യൂട്ടി സുപ്രണ്ട് ജനറലിൽ നിന്നും ആരായാവുന്നതാണ്.

ഉത്തരവായാലും.

**25/09/2025 04:08 PM** — **SANDHYA DEVI P S**
**AA PTG**

---

**Note # 4**

**25/09/2025 06:13 PM** — **IRISH N**
**FO PTG**

---

**Note # 5**

ഇത്തരത്തിൽ, ശാഖാകാര്യാലയ മേധാവികൾക്ക് ഡയറക്ടറേറ്റിൽ നിന്നും നിർദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുക.

**26/09/2025 10:50 AM** — **VEERAN T**
**SGP PTG**

---

**Note # 6**

**26/09/2025 11:59 AM** — **BIJIMOL K B**
**AO PTG**

---

**Note # 7**

**26/09/2025 12:11 PM** — **SINDHU S S**
**SS PTG**

---

**Note # 8**

**26/09/2025 12:17 PM** — **SANDHYA DEVI P S**
**AA PTG**

---

**Note # 9**

**26/09/2025 12:41 PM** — **RAJI R**
**G2 PTG**

---

**Note # 1**

അച്ചടി വകപ്പിൽ കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ റൂളിൽ ഉൾപ്പെട്ടുന്നതും (26500 - 60700) രൂപ അടിസ്ഥാന ശമ്പള സ്കെയിലിൽ ഉള്ളതുമായ രണ്ടാം **ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിൽ ഒരു ഒഴിവ് ഗവ: സെൻട്രൽ പ്രസ്സ് തിരുവനന്തപുരം (മെക്കാനിക് കം വെൽഡർ ) , മണ്ണന്തല ഗവ : പ്രസ് ഒരു ഒഴിവ് (മെക്കാനിക് കം വെൽഡർ ) ) ഷൊർണൂർ ഗവ : പ്രസ് ഒരു ഒഴിവ്(ഫിറ്റർ മെക്കാനിക് ) ആകെ 3 ഒഴിവുകൾ നിലവിലുണ്ട്.** പ്രസ്തുത ഒഴിവുകളിലേക്ക് കേരള ഗവ : പ്രസ്സ് സബോർഡിനേറ്റ് സർവീസസ് വിശേഷാൽ റൂൾസ് -2016 അനുസരിച്ച് തസ്തികമാറ്റം/ സ്ഥാനക്കയറ്റം മുഖേന നിയമനം ലഭിക്കുന്നതിന് അച്ചടി വകപ്പിലെ മറ്റ് സർവ്വീസിൽ പരിവീക്ഷ പൂർത്തിയാക്കിയ താഴെപ്പറയുന്ന യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകന്റെ സേവന പുസ്തകത്തിന്റെ ആദ്യ പേജിന്റേയും സർവ്വീസിൽ പ്രവേശിച്ച തീയതിയും ഉത്തരവും രേഖപ്പെടുത്തിയ പേജിന്റെയും പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

}

**യോഗ്യതകൾ:**

1. Pass in SSLC/JTSLC or equivalent qualification; and
2. (a) Diploma in Mechanical Engineering ; or
   (b) NTC/ITI/KGCE certificate in the relevant trade or equivalent qualification

അപൂർണ്ണമായി പൂരിപ്പിച്ച അപേക്ഷകളും നിശ്ചിത തീയതിയ്ക്കുശേഷം ലഭിക്കുന്ന അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ർ

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ അഭിലാഷ് ആർ .ജി. ക്ക് ഒന്നാം ഗ്രേഡ് ടെക്നിഷ്യൻ ആയി സ്ഥാനകയറ്റം നൽകിയപ്പോഴാണ് തിരുവനതപുരം സെൻട്രൽ പ്രസ്സിൽ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻഒഴിവ് വന്നത് (PTGD/3014/2023/E9. )Dated .20/06/2024 അതുപോലെ മണ്ണന്തല ഗവ പ്രസ്സിലെ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ ആയ സുധീഷ്.എ.എസ് ഒന്നാം ഗ്രേഡ് ടെക്നിഷ്യൻ ആയി സ്ഥാനക്കയറ്റം നൽകിയപ്പോഴണ് മണ്ണന്തല ഗവ പ്രസ്സിൽ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ ഒഴിവ് വന്നത് . (PTGD/3014/2023/E9.) Dted .20/06/2024 ശ്രീ. നന്ദുവിജുവിന് ണ്ടാം ഗ്രേഡ് ടെക്നിഷ്യൻ സുധീഷ്.എ.എസ് ഒന്നാം ഗ്രേഡ് ടെക്നിഷ്യൻ ആയി സ്ഥാനക്കയറ്റം നൽകിയപ്പോഴണ് ഷൊർണൂർ ഗവ പ്രസ്സിൽ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ ഒഴിവ് വന്നത്.:PTGD/163/2024/E9 Dated 1/2/2024.

ഫോറത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു. പൂർണമായും പൂരിപ്പിച്ച അപേക്ഷകൾ അച്ചടി വകപ്പ് ഡയറക്ടറേറ്റിൽ ഏതു ദിവസത്തിനുള്ളിൽ ലഭ്യമാക്കണം എന്ന് നിർദ്ദേശിക്കുന്നതിനായി ഫയൽ സമർപ്പിക്കുന്നു

**23/07/2024 04:36 PM** **PRAKASH KUMAR K R**
**E9 PTG**

**Note # 2**

രണ്ടാം..ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ )ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം - ഒന്ന്, രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ ) ഗവ: പ്രസ്സ്, മണ്ണന്തല - ഒന്ന് ,രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (ഫിറ്റർ മെക്കാനിക് ) ഗവ: പ്രസ്സ്, ഷൊർണ്ണൂർ - ഒന്ന് എന്നിങ്ങനെ മൂന്ന് ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ കേരള ഗവ : പ്രസ്സ് സബോർഡിനേറ്റ് സർവീസസ് വിശേഷാൽ റൂൾസ് -2016 അനുസരിച്ച് തസ്തികമാറ്റം/സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിന് അപേക്ഷ ക്ഷണിക്കാവുന്നതാണ്. ആയതിലേക്കുള്ള പരിപത്രത്തിന്റെ കരട് തീയതി നിശ്ചയിച്ച ശേഷം അംഗീകരിക്കാവുന്നതാണ്.

**24/07/2024 04:58 PM**

**VINU T JOHN**
**JS E II PTG**

---

**Note # 3**

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ )ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം - ഒന്ന്, രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ ) ഗവ: പ്രസ്സ്, മണ്ണന്തല - ഒന്ന് ,രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (ഫിറ്റർ മെക്കാനിക് ) ഗവ: പ്രസ്സ്, ഷൊർണ്ണൂർ - ഒന്ന് എന്നിങ്ങനെ മൂന്ന് ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ കേരള ഗവ : പ്രസ്സ് സബോർഡിനേറ്റ് സർവീസസ് വിശേഷാൽ റൂൾസ് -2016 അനുസരിച്ച് തസ്തികമാറ്റം/സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിന് അപേക്ഷ ക്ഷണിക്കാവുന്നതാണ്. ആയതിലേക്കുള്ള പരിപത്രത്തിന്റെ കരട് തീയതി ഉൾപ്പെടുത്തി അംഗീകരിക്കാവുന്നതാണ്.

**09/08/2024 07:40 PM**

**SINDHU S S**
**SS PTG**

---

**Note # 4**

മേൽ ഖണ്ഡിക അംഗീകരിക്കാവുന്നതാണ്

**12/08/2024 04:08 PM**

**BINDU PARAMESWARAN**
**AO PTG**

---

**Note # 5**

State the relevant provisions in the Special Rules.

**16/08/2024 03:33 PM**

**JANARDHANAN K**
**DP PTG**

---

**Note # 6**

**16/08/2024 08:43 PM**

**BINDU PARAMESWARAN**
**AO PTG**

---

**Note # 7**

16/08/2024 09:41 PM — SINDHU S S, SS PTG

---

**Note # 8**

അച്ചടി വകുപ്പ് ഡിറക്ടറുടെ നിർദ്ദേശമനുസരിച്ച രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (തസ്തികമാറ്റം വഴി )നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾ ഉൾപ്പെടുത്തി ഫയൽ പുനർ സമർപ്പിക്കുന്നു .

31/08/2024 11:01 AM — PRAKASH KUMAR K R, E9 PTG

---

**Note # 9**

31/08/2024 11:34 AM — VINU T JOHN, JS E II PTG

---

**Note # 10**

31/08/2024 10:53 PM — SINDHU S S, SS PTG

---

**Note # 11**

Note 8 പ്രകാരം സ്പെഷ്യൽ റൂൾ പ്രൊവിഷൻസ് ഉൾപ്പെടുത്തിയിരിക്കുന്നത് കണ്ടാലും . Note 3 പ്രകാരം കരട് അംഗീകരിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി

03/09/2024 12:43 PM — BINDU PARAMESWARAN, AO PTG

---

**Note # 12**

Approved,

07/09/2024 01:31 PM — JANARDHANAN K, DP PTG

---

**Note # 13**

11/09/2024 02:58 PM

BINDU PARAMESWARAN
AO PTG

---

**Note # 14**

11/09/2024 04:02 PM

SINDHU S S
SS PTG

---

**Note # 15**

സൂചന അപേക്ഷകൾ സദയം കണ്ടാലും. അച്ചടി വകുപ്പിന് കീഴിലെഗവ: **സെൻട്രൽ പ്രസ്സ് തിരുവനന്തപുരം** , ഗവ: **പ്രസ്സ് മണ്ണന്തല** കാര്യാലയങ്ങളിൽ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിൽ **(മെക്കാനിക് കം വെൽഡർ )** ഉള്ള 2 ഒഴിവുകളിലേക്ക് **ഷൊർണൂർ ഗവ : പ്രസ് ഒരു ഒഴിവ് (ഫിറ്റർ മെക്കാനിക് ) ആകെ 3 ഒഴിവുകൾ നിലവിലുണ്ട്** തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചതനുസരിച്ച് അപേക്ഷകൾ ലഭ്യമാക്കിയിട്ടുണ്ട്.അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അച്ചടി വകുപ്പിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 1 | ശ്രീ . ഗിരീഷ്.എസ് .ജി.Lascar Gr i , GCP | JOINING:22/2/2013 ; PROBATION: Declared Edu. Quali.;Diploma in Automobile Engineering . |
| 2 | ശ്രീ . ബബിലു.ബി. LASCAR GR II , GPM | JOINING:13/04/2021; PROBATION: DECLARED ;Edu. Quali.B. Tech.iin Machanical Engineering |
| 3 | ശ്രീ . രാജീവ്. ആർ LASCAR GR II, SHR | JOINING:10/01/2022 PROBATION: DECLARED ; Edu. Quali.;Diploma in Machanical Engineering |
| 4 | ശ്രീ . ഷിബു.കെ ; LASCAR GR II, GCP | JOINING:21.01.2022 ; PROBATION: DECLARED ; ;Edu. Quali.ITI Welder (Gas&Electric) |
| 5 | ശ്രീ . രഞ്ജിത്.സി.ആർ LASCAR GR II, GCP | JOINING:24/01/2022 PROBATION:DECLARD Edu. Quali.;Diploma in Machanical Engineering |
| 6 | ശ്രീ .ഷിജു.വി.യൂ . LASCAR GR II, GCP | JOINING:01/02/2022 ; PROBATION:DECLARED Edu. Quali ITI(Fitter Machanic) |
| 7 | ശ്രീ . സന്ദീപ് സുകു ;watchman EKM | JOINING:17/04/2023 PROB ATION:NOT DECLARED Edu. Quali.B. Tech.iin Machanical Engineering |

മേൽ .പട്ടികയിലെ സീരിയൽ നമ്പർ 1 ശ്രീ. ഗിരീഷ്.എസ് .ജി.യുടെ വിദ്യാഭാസ **യോഗ്യത** ഡിപ്ലോമ ഇൻ ഓട്ടോമൊബൈൽ എൻജിനീറിങ് ആണ് .2016 ലെ സ്പെഷ്യൽ റൂൾ പ്രകാരം

വർക്ക് ഷോപ് വിഭാഗം എൻട്രി കേഡർ തസ്തികയായ ടെക്നിഷ്യൻ ഗ്രേഡ് 2അടിസ്ഥാന യോഗ്യതയിൽ ഇത് ഉൾപ്പെടുന്നില്ല .എന്നാൽ വർക്ക്ഷോപ്പ് വിഭാഗം സൂപ്പർവൈസറി തസ്തികയായ ഫോർമാൻ വർക്ക്ഷോപ്പ് ചീഫ് ഫോർമാൻ എന്നിവയ്ക്ക് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ ആവിശ്യമാണ് ഈ കാരണത്താൽ ടിയാനെ 2021 ലെ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികമാറ്റ നിയമനത്തിൽ നിന്ന് ഒഴിവാക്കിരുന്നു. (.ഫയൽ നമ്പർ 1700/2021/DP/E9 Dted. 26/5/2021. )തുടർന് ടിയാൻ കേരളം അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയുകയും (OA/1785/2021 Dted. 8/8/2021)ടി കേസിന്റെ അന്തിമ വിധിന്യായം പ്രകാരം സർക്കാരിനാണ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത്. .കൂടാതെ 10/06/2024 ലെ എസ് പി. ഡി. സി 1 62/2022എസ് .പി.ഡി പാർട്ട്.1സർക്കാരിൽ നിന്നുള്ള കത്ത് പ്രകാരം സ്പെഷ്യൽ റൂൾ പരിഷ്കരണം എക്സിക്യൂട്ടീവ് ഓർഡർ ആവിശ്യമാണെന്ന് അത് പുറപ്പെടുവിക്കുന്ന മുറക്ക് അറിയിക്കാമെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട് . .ടി സാഹചര്യത്തിൽ ശ്രീ ഗിരീഷ്. എസ് .ജി. യെ ഇന്റർവ്യൂ ലിസ്റ്റിൽ ഉൾപെടുത്തേണ്ടതുണ്ടോ എന്ന് നിർദ്ദേശിച്ചാലും . അതുപോലെ സീരിയൽ നമ്പർ 2 ശ്രീ . ബബിലു.ബി. സീരിയൽ നമ്പർ.7.ശ്രീ. സന്ദീപ് സുക എന്നിവരുടെ വിദ്യാഭാസ യോഗ്യത B.Tech. in Machanical Engineering ആണ് സ്പെഷ്യൽ റൂൾ പ്രകാരം ഇത് അടിസ്ഥാന യോഗ്യതയല്ല എന്നാൽ പി.എസ് .സി നിയനത്തിന ഇതു അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്നു കൂടാതെ സീരിയൽ നമ്പർ. 7 സന്ദീപ് സുക നിലവിലെ തസ്തികയിൽ പരിവിഷ പ്രഖ്യപിച്ച ഉത്തരവ് ആയിട്ടില്ല . മേൽ സാഹചര്യത്തിൽ സീരിയൽ നമ്പർ 2,7 എന്നിവരെ ഇന്റർവ്യൂ ലിസ്റ്റിൽ ഉൾപെടുത്തേണ്ടതുണ്ടോ എന്ന് നിർദ്ദേശിച്ചാലും.

ടി അപേക്ഷകരിൽ ക്രമ നമ്പർ7 ഒഴികെയുള്ള എല്ലാ ജീവനക്കാരും തന്നെ പരിവീക്ഷ പ്രഖ്യാപിച്ചവരാണെന്നും , കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ റൂൾ 28 (a) പ്രകാരം പരിവീക്ഷ പൂർത്തിയാക്കിയ ജീവനക്കാരെ മാത്രം പരിഗണിക്കാമെന്നും , ടിയാളുകളുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കു ഗവണ്മെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,വർക് ഷോപ്പ് ചീഫ് ഫോർമാൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങിയ പാനലിനെ ചുമതലപ്പെടുത്താവുന്നതുമാണ്.

സർട്ടിഫിക്കറ്റ് പരിശോധന ടി പാനലിന്റെ നേതൃത്വത്തിൽ എന്ന് നടത്താവുന്നതാണെന്ന് നോട്ടിസ് പുറപ്പെടുവിക്കേണ്ടതുള്ളതിനാൽ കൂടിക്കാഴ്ച നടത്തുന്നതിനുള്ള തീയതി നിശ്ചയിക്കുന്നതിനായി ഫയൽ സമർപ്പിക്കുന്നു.

**09/10/2024 02:46 PM** **PRAKASH KUMAR K R**
**E9 PTG**

---

**Note # 16**

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ )ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം - ഒന്ന്, രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ ) ഗവ: പ്രസ്സ്, മണ്ണന്തല - ഒന്ന് ,രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (ഫിറ്റർ മെക്കാനിക് ) ഗവ: പ്രസ്സ്, ഷൊർണ്ണൂർ - ഒന്ന് എന്നിങ്ങനെ മൂന്ന് ഒഴിവ് നിലവിലുണ്ട്.

തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ ശ്രീ. ഗിരീഷ്. എസ് .ജി.യുടെ യോഗ്യത ഡിപ്ലോമ ഇൻ ഓട്ടോമൊബൈൽ എൻജിനീറിങ് ആണ് .2016 ലെ സ്പെഷ്യൽ റൂൾ പ്രകാരം വർക്ക് ഷോപ്പ് വിഭാഗം എൻട്രി കേഡർ തസ്തികയായ ടെക്നിഷ്യൻ ഗ്രേഡ് 2അടിസ്ഥാന യോഗ്യതയിൽ ഓട്ടോമൊബൈൽ എൻജിനീറിങ് ഉൾപ്പെടുന്നില്ല .എന്നാൽ വർക്ക്ഷോപ്പ് വിഭാഗം സൂപ്പർവൈസറി തസ്തികയായ ഫോർമാൻ വർക്ക്ഷോപ്പ്

ചീഫ് ഫോർമാൻ എന്നിവയ്ക്ക് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ ആവിശ്യമാണ് ഈ കാരണത്താൽ ടിയാനെ 2021 ലെ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികമാറ്റ നിയനത്തിൽ നിന്ന് ഒഴിവാക്കിരുന്നു. അതുപോലെ സീരിയൽ നമ്പർ 2 ശ്രീ . ബബില്ല.ബി. സീരിയൽ നമ്പർ.7.ശ്രീ. സന്ദീപ് സുക എന്നിവരുടെ വിദ്യാഭാസ യോഗ്യത B.Tech. in Machanical Engineering ആണ് സ്പെഷ്യൽ റൂൾ പ്രകാരം ഇത് അടിസ്ഥാന യോഗ്യതയല്ല കൂടാതെ സന്ദീപ് സുക നിലവിലെ തസ്തികയിൽ പരിവിഷ പ്രഖ്യപിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാരെ ഒഴിവാക്കി നടപടി സ്വീകരിക്കാവുന്നതാണോ ഉത്തരവിനായി.

**16/10/2024 02:41 PM** — **VINU T JOHN**
**JS E II PTG**

---

**Note # 17**

നോട്ട് 16 കണ്ടാലും, രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികമാറ്റം/സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിന് അപേക്ഷ ലഭ്യമാക്കിയവരുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഗവണ്മെന്റ് പ്രസ്സുകളുടെ സുപ്രണ്ടിന്റെ നേതൃത്വത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,വർക് ഷോപ്പ് ചീഫ് ഫോർമാൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങിയ പാനലിനെ ചുമതലപ്പെടുത്താവുന്നതുമാണ്.

**28/10/2024 09:50 PM** — **SINDHU S S**
**SS PTG**

---

**Note # 18**

SGP യുടെ അഭിപ്രായത്തിനായി ഫയൽ കൈമാറുന്നു

**09/11/2024 10:49 AM** — **BINDU PARAMESWARAN**
**AO PTG**

---

**Note # 19**

AGREED

**11/11/2024 11:16 AM** — **VEERAN T**
**SGP PTG**

---

**Note # 20**

Note 17 അംഗീകരിക്കാവുന്നതാണ്.

**13/11/2024 09:44 PM** — **BINDU PARAMESWARAN**
**AO PTG**

---

**Note # 21**

Agreed.

**18/11/2024 07:18 PM** — **JANARDHANAN K**
**DP PTG**

---

Note # 22

19/11/2024 01:24 PM

BINDU PARAMESWARAN
AO PTG

---

Note # 23

19/11/2024 02:09 PM

SINDHU S S
SS PTG

---

Note # 24

ടി അപേക്ഷകരിൽ പരിവീക്ഷ പൂർത്തിയാക്കിയ ജീവനക്കാരും കേരള ഗവ : പ്രസ്സ് സബോർഡിനേറ്റ് സർവീസസ് വിശേഷാൽ റൂൾസ് -2016 അനുശാസിക്കുന്ന യോഗ്യതയുള്ള ചുവടെ പറയുന്നവരുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക ഗവണ്മെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,വർക് ഷോപ്പ് ചീഫ് ഫോർമാൻ എന്നിവരടങ്ങിയ പാനലിനെ ചുമതലപ്പെടുത്താവുന്നതുമാണ്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക/കാര്യാലയം |
|---|---|---|
| 1. | ശ്രീ. രാജീവ് .ആർ | ലാസ്റ്റർ ഗ്രേഡ് II,<br><br>ഗവ. പ്രസ്സ്, ഷൊർണ്ണൂർ |
| 2. | ശ്രീ. ഷിബു.കെ | ലാസ്റ്റർ ഗ്രേഡ് II,<br><br>ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം |
| 3. | ശ്രീ. രഞ്ജിത്ത്. സി.ആർ | ലാസ്റ്റർ ഗ്രേഡ് II,<br><br>ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം |
| 4. | ശ്രീ. . ഷിജു.വി.യു | ലാസ്റ്റർ ഗ്രേഡ് II,<br><br>ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം |

സർട്ടിഫിക്കറ്റ് പരിശോധന ടി പാനലിന്റെ നേതൃത്വത്തിൽ എന്ന് നടത്താവുന്നതാണെന്ന് നോട്ടിസ് പുറപ്പെടുവിക്കേണ്ടതുള്ളതിനാൽ കൂടിക്കാഴ്ച നടത്തുന്നതിനുള്ള തീയതി നിശ്ചയിക്കുന്നതിനായി ഫയൽ സമർപ്പിക്കുന്നു.

20/11/2024 03:06 PM

PRAKASH KUMAR K R
E9 PTG

---

Note # 25

21/11/2024 03:58 PM

**VINU T JOHN**
**JS E II PTG**

---

**Note # 26**

ടി അപേക്ഷകരിൽ **പരിവീക്ഷ പൂർത്തിയാക്കിയവരും കേരള** ഗവ : **പ്രസ്സ് സബോർഡിനേറ്റ് സർവീസസ് വിശേഷാൽ റൂൾസ് -2016 അനുശാസിക്കുന്ന** യോഗ്യതയുള്ള ചുവടെ പറയുന്നവരുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഗവണ്മെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,വർക് ഷോപ്പ് ചീഫ് ഫോർമാൻ എന്നിവരടങ്ങിയ പാനലിനെ ചുമതലപ്പെടുത്താവുന്നതുമാണ്.

സർട്ടിഫിക്കറ്റ് പരിശോധന ടി പാനലിന്റെ നേതൃത്വത്തിൽ എന്ന് നടത്താവുന്നതാണെന്ന് നോട്ടീസ് പുറപ്പെടുവിക്കേണ്ടതുള്ളതിനാൽ കൂടിക്കാഴ്ച നടത്തുന്നതിനുള്ള തീയതി നിശ്ചയിക്കുന്നതിനായി ഫയൽ സമർപ്പിക്കുന്നു.

CF പേജ് 57 കണ്ടാലും തിരുവനതപുരം സർക്കാർ മുദ്ര നിർമ്മാണശാലയിലെ രണ്ടാം ഗ്രേഡ് ടെക്നീഷ്യൻ (ഫിറ്റർ മെക്കാനിക്) ആയ ശ്രീ. അൻഷാദ് ,എൻ നെ ഒന്നാം ഗ്രേഡ് ടെക്നീഷ്യൻ ആയി സ്ഥാനക്കയറ്റം നൽകി തിരുവനതപുരം ഗവ സെൻട്രൽ പ്രസ്സിൽ നിയമിച്ചു .ഫയൽ നമ്പർ PTGD/779/2024-E9 തീയ്യതി 18/11/2024 .സർക്കാർ മുദ്ര നിർമ്മാണശാലയിൽ ഒരു രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തിക മാത്രമാണുള്ളത് .ഇതു കൂടാതെ വർക്ക് ഷോപ്പ് വിഭാഗത്തിൽ ഒരു സീനിയർ ഗ്രേഡ് മെക്കാനിക് മാത്രമാണ് സർക്കാർ മുദ്ര നിർമ്മാണശാലയിൽ ഉള്ളത് .ടി സാഹചര്യത്തിൽ ഒഴിവുള്ള രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (ഫിറ്റർ മെക്കാനിക് )തസ്തികയിൽ നിയമനം നടത്താവുന്നതാണോ എന്ന നിർദ്ദേശത്തിനായി ഫയൽ സമർപ്പിക്കുന്നു .

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക/കാര്യാലയം |
|---|---|---|
| 1. | ശ്രീ . ബബിലു.ബി. | ലാസ്കർ ഗ്രേഡ് II,ഗവ .പ്രസ്സ് ,മണ്ണന്തല |
| 2 | ശ്രീ. രാജീവ് .ആർ | ലാസ്കർ ഗ്രേഡ് II,<br>ഗവ. പ്രസ്സ്, ഷൊർണ്ണൂർ |
| 3 | ശ്രീ. ഷിബു.കെ | ലാസ്കർ ഗ്രേഡ് II,<br>ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം |
| 4 | ശ്രീ. രഞ്ജിത്ത്. സി.ആർ | ലാസ്കർ ഗ്രേഡ് II,<br>ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം |
| 5 | ശ്രീ. . ഷിജു.വി.യു | ലാസ്കർ ഗ്രേഡ് II,<br>ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം |

22/11/2024 04:43 PM

**PRAKASH KUMAR K R**
**E9 PTG**

## Note # 27

ശ്രീ . ബബിലു.ബി.യുടെ അപേക്ഷ കണ്ടാലും ടി യാന്റെ വിദ്യാഭാസ യോഗ്യത B.Tech. in Machanical Engineering ആയതിനാൽ ടിയാന്റെ അപേക്ഷകൂടി പരിഗണിച്ച് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ക്ഷണിക്കാൻ എ ഒ വാക്കാൽ നിർദ്ദേശിച്ചിരുന്നു. PTGD/779/2024-E9 തീയ്യതി 18/11/2024 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം സർക്കാർ മുദ്ര നിർമ്മാണശാലയിലെ രണ്ടാം ഗ്രേഡ് ടെക്നീഷ്യൻ (ഫിറ്റർ മെക്കാനിക്) ആയ ശ്രീ. അൻഷാദ് ,എൻ നെ ഒന്നാം ഗ്രേഡ് ടെക്നീഷ്യൻ ആയി സ്ഥാനക്കയറ്റം നൽകി തിരുവനതപുരം ഗവ സെൻട്രൽ പ്രസ്സിൽ നിയമിച്ചിരുന്നു ആയതുമൂലം രണ്ടാം ഗ്രേഡ് ടെക്നീഷ്യൻ (ഫിറ്റർ മെക്കാനിക്) തസ്തികയിൽ സർക്കാർ മുദ്ര നിർമ്മാണശാലയിൽ ഒരു ഒഴിവ് കൂടി ഉണ്ടായിട്ടുണ്ട്. ആയതുകൂടി ഇതോടൊപ്പം ഉൾപ്പെടുത്താവുന്നതാണോ, ഉത്തരവിനായി.

നിലവിലുള്ള മൂന്ന് ഒഴിവ് നികത്തുന്നതിനുള്ള നോട്ടീസിൽ തീയതി നിശ്ചയിച്ച ശേഷം അംഗീകരിക്കാവുന്നതാണ്.

**25/11/2024 04:56 PM**

**VINU T JOHN**
**JS E II PTG**

---

## Note # 28

നോട്ട് 26 ൽ പറയുന്ന ഓരോരുത്തരുടെയും പേരിനു നേരെ ജോലിയിൽ പ്രവേശിച്ച തീയതി യോഗ്യത എന്നിവ ചേർത്തു സമർപ്പിക്കുക

**27/11/2024 09:23 PM**

**SINDHU S S**
**SS PTG**

---

## Note # 29

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്,തസ്തിക/കാര്യാലയം | ജോലിയിൽ പ്രവേശിച്ച തീയ്യതി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ശ്രീ . ബബിലു.ബി. LASCAR GR II , GPM. | JOINING:13/04/2021; PROBATION: DECLARED | B.Tech. iin Machanical Engineering |
| 2 | ശ്രീ . രാജീവ്. ആർ LASCAR GR II, SHR | JOINING:10/01/2022 PROBATION: DECLARED | Diploma in Machanical Engineering |
| 3 | ശ്രീ . ഷിബു.കെ ; LASCAR GR II, GCP | JOINING:21.01.2022 ; PROBATION: DECLARED ; ; | .ITI Welder (Gas&Electric) |
| 4 | ശ്രീ . രഞ്ജിത്.സി.ആർ LASCAR GR II, GCP | JOINING:24/01/2022 PROBATION:DECLARD | Diploma in Machanical Engineering |
| 5 | ശ്രീ .ഷിജു.വി.യു . LASCAR GR II, GCP | JOINING:01/02/2022 ; PROBATION:DECLARED | ITI (Fitter Machanic) |

**28/11/2024 11:39 AM**

**PRAKASH KUMAR K R**

Note # 30
അച്ചടി വകുപ്പിൽ നിലവിലുള്ള മൂന്ന് ടെക്നീഷ്യൻ ഒഴിവുകൾ നികത്തുന്നതിനായി, **കേരള** ഗവ : **പ്രസ്സ് സബോർഡിനേറ്റ് സർവീസസ് വിശേഷാൽ റൂൾസ്** -2016 **അനുശാസിക്കുന്ന** യോഗ്യതയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർട്ടിഫിക്കറ്റ് പരിശോധന നോട്ടീസിൽ തീയതി നിശ്ചയിച്ച ശേഷം അംഗീകരിക്കാവുന്നതാണ്.

29/11/2024 05:33 PM

SINDHU S S
SS PTG

Note # 31
മേൽ ഖണ്ഡിക അംഗീകരിക്കാവുന്നതാണ്

09/12/2024 11:12 AM

BINDU PARAMESWARAN
AO PTG

Note # 32
AO is authorized.

10/12/2024 01:03 PM

JANARDHANAN K
DP PTG

Note # 33

10/12/2024 01:45 PM

BINDU PARAMESWARAN
AO PTG

Note # 34

10/12/2024 02:28 PM

SINDHU S S
SS PTG

Note # 35

11/12/2024 11:05 AM

VINU T JOHN
JS E II PTG

Note # 36
അച്ചടി വകുപ്പിൽ നിലവിലുള്ള മൂന്ന് ടെക്നീഷ്യൻ ഒഴിവുകൾ നികത്തുന്നതിനായി, **കേരള** ഗവ :

പ്രസ്സ് സബോർഡിനേറ്റ് സർവീസസ് വിശേഷാൽ റൂൾസ് -2016 അനുശാസിക്കുന്ന യോഗ്യതയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർട്ടിഫിക്കറ്റ് പരിശോധന 23/12/2024 ന് 11 മണിക്ക് അച്ചടി വകുപ്പ് ഡിറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ നടത്താൻ തീരുമാനിച്ചിരുന്ന എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ,ചീഫ് ഫോർമാൻ (വർക്ക് ഷോപ്പ് ) എന്നിവരുടെ അഭാവത്തിൽ സർട്ടിഫിക്കറ്റ് പരിശോധന മാറ്റിവെക്കുകയുണ്ടായി .സർട്ടിഫിക്കറ്റ് പരിശോധന ബോർഡിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച നോട്ടീസിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു .പുതുക്കിയ തീയ്യതി നിശ്ചയിക്കുന്നതിനായി ഫയൽ സമർപ്പിക്കുന്നു കൂടാതെ 23/12/24 ന് സർട്ടിഫിക്കറ്റ് പരിശോധനയിൽ പങ്കെടുക്കാനായി എത്തിയ ഉദ്യോഗാർത്ഥികൾക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ട് .ആയതിനാൽ ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു .

**23/12/2024 04:47 PM** — **PRAKASH KUMAR K R**
**E9 PTG**

---

**Note # 37**

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിലെ ഒഴിവുകൾ തസ്തികമാറ്റം വഴി നിയമനത്തിന് 23/12/2024 ന് നടത്താൻ തീരുമാനിച്ചിരുന്ന സർട്ടിഫിക്കറ്റ് പരിശോധന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ,ചീഫ് ഫോർമാൻ (വർക്ക് ഷോപ്പ് ) എന്നിവരുടെ അഭാവത്തിൽ മാറ്റിവെക്കുകയുണ്ടായി പ്രസ്തുത സർട്ടിഫിക്കറ്റ് പരിശോധന ഏത് ദിവസം നടത്തണമെന്നും ആയതിലേക്ക് അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ നിന്നും ഏത് ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തണമെന്നും ഉത്തരവായാലും.

**30/12/2024 12:18 PM** — **VINU T JOHN**
**JS E II PTG**

---

**Note # 38**

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിലെ തസ്തികമാറ്റ നിയമനത്തിനുള്ള സർട്ടിഫിക്കറ്റ് പരിശോധന ഏത് ദിവസം നടത്തണമെന്നും ആയതിലേക്ക് അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ നിന്നും ഏത് ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തണമെന്നും ഉത്തരവായാലും.

**03/01/2025 09:18 PM** — **SINDHU S S**
**SS PTG**

---

**Note # 39**

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിലെ ഒഴിവുകൾ തസ്തികമാറ്റം വഴി നിയമനത്തിന് 23/12/2024 നു നടത്താൻ തീരുമാനിച്ചിരുന്ന സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്നതിനായി ഗവണ്മെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,വർക് ഷോപ്പ് ചീഫ് ഫോർമാൻ എന്നിവരടങ്ങിയ പാനലിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ദിവസം യാതൊരു അറിയിപ്പോ അനുവാദമോ കൂടാതെ വർക് ഷോപ്പ് ചീഫ് ഫോർമാൻ ടി ചുമതല നിർവഹിക്കുന്നതിന് എത്തിച്ചേർന്നില്ല എന്ന് മനസിലാക്കുന്നു. ഇത് കുറ്റകരമായ അനാസ്ഥയും ഔദ്യോഗിക കൃത്യനിർവഹണത്തിലെ വീഴ്ച്ചയുമാണ് .മാത്രമല്ല മേലധികാരിയുടെ ഉത്തരവ് പാലിക്കാതിരിക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനമാണ് .ആയതിനാൽ ഈ വിഷയത്തിൽ ടിയാനോട് വിശദീകരണം തേടാവുന്നതും സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്നതിനായി പുതിയ പാനൽ രൂപീകരിക്കാവുന്നതും തീയതി നിശ്ചയിക്കാവുന്നതുമാണ്

**08/01/2025 04:01 PM** — **BINDU PARAMESWARAN**

AO PTG

---

**Note # 40**

അടിയന്തിരമായി വിശദീകരണം വാങ്ങുക.

AO ,DS ( S & S) , AEE ,SGP നിർദ്ദേശിക്കുന്ന workshop chief foreman -ന് പകരമുള്ള ഒരാൾ, SS് (Estt) എന്നിവരെ ഉൾപ്പെടുത്തി SELECTION COMMITTEE പുനഃസംഘടിപ്പിക്കുക.

ഫയൽ SGP കാണുക.

10/01/2025 07:19 PM

JANARDHANAN K
DP PTG

---

**Note # 41**

SOJAN IV, SR. MECHANIC FROM W/S

13/01/2025 03:48 PM

VEERAN T
SGP PTG

---

**Note # 42**

13/01/2025 04:33 PM

BINDU PARAMESWARAN
AO PTG

---

**Note # 43**

13/01/2025 04:52 PM

SINDHU S S
SS PTG

---

**Note # 44**

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിൽ( തസ്തികമാറ്റം വഴി ) നിയമനത്തിന് 23/12/2024 ന ഗവണ്മെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ നേതൃത്വമുള്ള പാനലിനെ ചുമതലപ്പെടുത്തിരുന്നു . പ്രസ്തുത പാനലിലിൽ വർക്ക്ഷോപ്പ് വിഭാഗം ചീഫ് ഫോർമാനെയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടിയാൻ പ്രസ്തുത ദിവസം യാതൊരു അറിയിപ്പോ അനുവാദമോ കൂടാതെ ചുമതല നിർവഹിക്കുന്നതിന് എത്തിച്ചേർന്നില്ല . ഇത് കറ്റകരമായ അനാസ്ഥയും ഔദ്യോഗിക

കൃത്യനിർവഹണത്തിലെ വീഴ്ച്ചയുമാണ് .മാത്രമല്ല മേലധികാരിയുടെ ഉത്തരവ് പാലിക്കാതിരിക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനമാണ് .ആയതിനാൽ ഈ വിഷയത്തിൽ ടിയാനോട് വിശദീകരണം തേടാൻ അച്ചടി വകുപ്പ് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി (നോട്ട് നമ്പർ 40) .ടി നിർദ്ദേശപ്രകാരം ടിയാന് കുറ്റാരോപണ മെമ്മോ നൽകാവുന്നതാണ് .ആയതിന്റെ കരട് (,DFA/250173) അംഗീകാരത്തിനായി സമർപ്പിക്കുന്നു

കൂടാതെ പുതുക്കിയ സർട്ടിഫിക്കറ്റ് പരിശോധന തീയ്യതി നിശ്ചയിച്ചാലും DFA/232373, DFA/232343 എന്നിവ അംഗീകാരത്തിനായി സമർപ്പിക്കുന്നു

**17/01/2025 11:16 AM** — **PRAKASH KUMAR K R**
**E9 PTG**

---

**Note # 45**

നോട്ടീസിൽ തീയതി നിശ്ചയിച്ചും മെമ്മോ, ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവ അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**17/01/2025 04:51 PM** — **VINU T JOHN**
**JS E II PTG**

---

**Note # 46**

നോട്ടീസിൽ തീയതി നിശ്ചയിച്ചു അംഗീകരിക്കാവുന്നതാണ്. മെമ്മോ, ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവ അംഗീകരിക്കാവുന്നതാണ്.

**19/01/2025 08:14 PM** — **SINDHU S S**
**SS PTG**

---

**Note # 47**

നോട്ടീസിൽ തീയതി നിശ്ചയിച്ചു അംഗീകരിക്കാവുന്നതാണ്. മെമ്മോ, ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവ അംഗീകരിക്കാവുന്നതാണ്.

**20/01/2025 11:45 PM** — **BINDU PARAMESWARAN**
**AO PTG**

---

**Note # 48**

MoC approved.

Convene selection committee as per the convenience of the respective officers at an earliest date.

**27/01/2025 12:00 PM** — **JANARDHANAN K**
**DP PTG**

---

**Note # 49**

**27/01/2025 02:45 PM** — **SINDHU S S**
**SS PTG**

**Note # 50**

സർട്ടിഫിക്കറ്റ് പരിശോധന സമിതിയിൽ അംഗമായാ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ അവധിയിൽ ആയതിനാൽ പകരം ചുമതലയുള്ള ഫിനാൻസ് ഓഫീസറെ സർട്ടിഫിക്കറ്റ് പരിശോധന സമിതിയിൽ ഉൾപ്പെടുത്താവുന്നതാണോ എന്ന് നിർദ്ദേശിച്ചാലും .കൂടാതെ സർട്ടിഫിക്കറ്റ് പരിശോധന സമിതി തിരുമാനിച്ചിരിക്കുന്ന തീയ്യതി 4/2/2025 ആണ് .

ടി നോട്ടീസിന്റെ കരട് (DFA 232373), ഡ്യൂട്ടി സർട്ടിഫിക്കറ്റ് (DFA 232343 എന്നിവ അംഗീകാരത്തിനായി സമർപ്പിക്കുന്നു .

**28/01/2025 11:02 AM** **PRAKASH KUMAR K R**
**E9 PTG**

---

**Note # 51**

Draft 23273 is approved.

FO is included in the committee.

Why duty certificate is approved now; it can be approved on the date the committee by the AO ,

**28/01/2025 07:51 PM** **JANARDHANAN K**
**DP PTG**

---

**Note # 52**

04/02/2025 നിശ്ചയിച്ച രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിലെ സർട്ടിഫിക്കറ്റ് പരിശോധന സമിതിയിൽ അംഗമായ സീനിയർ സൂപ്രണ്ട് 4/2/2025, 5/2/2025 തീയ്യതികളിൽ അവധിയിൽ ആയതിനാൽ അച്ചടി വകുപ്പ് ഡിറക്ടറുടെ നിർദ്ദേശപ്രകാരം പകരം അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് നെ ഉൾപ്പെടുത്തി പരിഷ്കരിച്ച നോട്ടീസിന്റെ കരട് ( DFA 263172) അംഗീകാരത്തിനായി സമർപ്പിക്കുന്നു .

**30/01/2025 03:54 PM** **PRAKASH KUMAR K R**
**E9 PTG**

---

**Note # 53**

Approved.

**30/01/2025 07:28 PM** **JANARDHANAN K**
**DP PTG**

---

**Note # 54**

04/02/2025 ന നടത്തിയ സർട്ടിഫിക്കറ്റ് പരിശാധനാ സമിതി അംഗീകരിച്ചത് CF പേജ് നമ്പർ 85-90 ൽ കണ്ടാലും .

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരെ നേരിൽ കണ്ടു പാനൽ അംഗങ്ങൾ സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ഗവണ്മെന്റ് പ്രസ്സസ് സ്പെഷ്യൽ റൂൾ നിർദ്ദേശിക്കുന്ന യോഗ്യതയുള്ളവരും , **ഒഴിവുള്ള 3 ടെക്നിഷ്യൻ ഗ്രേഡ് II തസ്തികയിൽ ,ഗവ .പ്രസ്സ് മണ്ണന്തല രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ) ഷൊർണൂർ ഗവ പ്രസ്സിലെ ലാസ്കർ ഗ്രേഡ് II ആയ ശ്രീ. രാജീവ്.ആർ നേയും ഗവ സെൻട്രൽ പ്രസ്സ് തിരുവനന്തപുരം മെക്കാനിക് കം വെൽഡർ ഒരു ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ**

പ്രസ്സിലെ ലാസ്കർ ഗ്രേഡ് II ആയ ശ്രീ.രഞ്ജിത്ത്.സി.ആർ നേയും ഷൊർണൂർ ഗവ .പ്രസ്സിലെ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (ഫിറ്റർ മെക്കാനിക് ) ഒരു ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രസ്സിലെ ലാസ്കർ ഗ്രേഡ് II ആയ ശ്രീ. ഷിജു. വി.യു .വിനെ കേരള ഗവ പ്രസ്സസ് സബ് ഓർഡിനേറ്റ് സർവീസസ് സ്പെഷ്യൽ റൂൾ - 2016 പ്രകാരം സ്ഥാനക്കയറ്റം നൽകിയും (BY PROMOTION FROM QUALIFIED PERSONS IN ANY OTHER CATEGORIES IN THE SERVICE) , നിയമിക്കാവുന്നതാണോ എന്ന് നിർദ്ദേശിച്ചാലും .

ടി നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന സീരിയൽ നമ്പർ ഒന്നും സർവീസിൽ സീനിയറും ആയ, ശ്രീ .ബി . ബബിലു ( ബി ടെക് . ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ) സ്പെഷ്യൽ റൂളിൽ അനുശാസിക്കുന്നതിനേക്കാൾ ക്വാളിഫിക്കേഷൻ ഉള്ള വ്യക്തിയാണെന്ന് സർട്ടിഫിക്കറ്റ് പരിശോധനാ സമിതിയിലെ 5 ൽ 4 പേരും അഭിപ്രായം രേഖപെടുത്തിയിട്ടുണ്ട് . എന്നാൽ ഡെപ്യൂട്ടിസൂപ്രണ്ട് (S&S) ഭിന്നാഭിപ്രായമാണ് രേഖപെടുത്തിരിക്കുന്നത് .അതായത് 2021ൽ നടന്ന രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികമാറ്റ നിയമനത്തിൽ B.Tech Machanical Engineering യോഗ്യതയുള്ള ശ്രീ. അജ്മൽമോൻ .എ തിരുവനന്തപുരം ഗവ സെൻട്രൽ പ്രസ്സിൽ നിയമിക്കുകയുണ്ടായി .(ഫയൽ നമ്പർ 1700/2021/E9/ഡി.പി തിയ്യതി 26/05/2021 )അന്നത്തെ സർട്ടിഫിക്കറ്റ് പരിശോധന സമിതി B.Tech Machanical Engineering യോഗ്യത പ്രസ്തുത തസ്തികക്ക് സ്വീകാര്യമാണെന്നു പി.എസ് .സി യുടെ മറുപടിയെ അടിസ്ഥാനമാക്കി തീരുമാനിച്ചു . നിയമനാധികാരിയായ അച്ചടി വകുപ്പ് ഡിറക്ടർ ഇത് അംഗീകരിക്കുകയും ടിയാന് നിയമനം നൽകുകയും ചെയ്തു . ടി സാഹചര്യത്തിൽ നോട്ടിസിലെ സർവിസ് സീനിയർ കൂടി ആയ ശ്രീ ബബിലു .ബി.യെ നിയനത്തിനായി പരിഗണിക്കേണ്ടതുണ്ടോ എന്ന തുടർ നിർദ്ദേശത്തിനായി ഫയൽ സമർപ്പിക്കുന്നു . കൂടാതെ നോട്ടിസിൽ സീരിയൽ നമ്പർ 3. ശ്രീ ഷിബു.കെ സർവിസിൽ ജൂനിയർ ആയതിനാൽ നിയനത്തിനായി പരിഗണിക്കേണ്ടതില്ല .

**07/02/2025 03:17 PM** — **PRAKASH KUMAR K R**
**E9 PTG**

---

## Note # 55

കേരള ഗവ : പ്രസ്സ പ്രസ്സസ് സബോർഡിനേറ്റ് സർവീസ് റൂൾസ് -2016 പ്രകാരം രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയുടെ തസ്തികമാറ്റം / സ്ഥാനക്കയറ്റം /നേരിട്ടുള്ള നിയമനം യോഗ്യത ചുവടെ ചേർക്കുന്നു.

1. Pass in SSLC/JTSLC or equivalent qualification; and

2.(a)Diploma in Mechanical Engineering ; or

(b)NTC/ITI/KGCE certificate in the relevant trade or equivalent qualification

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയുടെ നിലവിലുള്ള 3 ഒഴിവിലേക്ക് നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ നിന്നും 04/02/2025 ന നടത്തിയ സർട്ടിഫിക്കറ്റ് പരിശോധനയിൽ ഹാജരായ ശ്രീ .ബി . ബബിലു ബി ടെക് . ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള വ്യക്തിയാണ് ഇത് സ്പെഷ്യൽ റൂളിൽ പരാമശിക്കുന്നില്ല എന്നാൽ or equivalent qualification എന്നുള്ളതിനാൽ ഇത്തരത്തിൽ B.Tech Machanical Engineering യോഗ്യതഉള്ള മറ്റൊരു വ്യക്തിയ്ക്ക് നിയമനം

നല്കിയിട്ടുള്ളതിനാൽ തന്നെയും പരിഗണിക്കണമെന്ന് അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഈ വിവരം പരിശോധിച്ചതിൻ പ്രകാരം 2021 ൽ ശ്രീ . അജ്മൽമോൻ .എ ക്ക് തിരുവനന്തപുരം ഗവ സെൻട്രൽ പ്രസ്സിൽ നിയമനം നൽകിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ശ്രീ .ബി . ബബിലുവിന്റെ നിയമനം സംബന്ധിച്ചുള്ള സ്പഷ്ടീകരണത്തിനായി സമർപ്പിക്കുന്നു.

10/02/2025 05:12 PM

**VINU T JOHN**
**JS E II PTG**

---

**Note # 56**

അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ )ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം - ഒന്ന്, രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ ) ഗവ: പ്രസ്സ്, മണ്ണന്തല - ഒന്ന് ,രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (ഫിറ്റർ മെക്കാനിക് ) ഗവ: പ്രസ്സ്, ഷൊർണ്ണൂർ - ഒന്ന് എന്നിങ്ങനെ മൂന്ന് ഒഴിവുകൾ നിലവിലുണ്ട്.

ഇന്റർവ്യൂ ബോർഡിലെ അഞ്ചു പേരിൽ നാലുപേരും ശ്രീ .ബി . ബബിലു ( ബി ടെക് . ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ) സ്പെഷ്യൽ റൂളിൽ അനുശാസിക്കുന്നതിനേക്കാൾ ക്വാളിഫിക്കേഷൻ ഉള്ള വ്യക്തിയാണെന്ന് അഭിപ്രായം രേഖപെടുത്തിയിടുണ്ട്.

ജീവനക്കാരെ നേരിൽ കണ്ടു പാനൽ അംഗങ്ങൾ സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ഗവണ്മെന്റ് പ്രസ്സ് സ്പെഷ്യൽ റൂൾ നിർദ്ദേശിക്കുന്ന യോഗ്യതയുള്ളവരും , ഒഴിവുള്ള 3 ടെക്നിഷ്യൻ ഗ്രേഡ് II തസ്തികയിൽ ,ഗവ .പ്രസ്സ് മണ്ണന്തല രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ) ഒരു ഒഴിവിലേക്ക് , ഷൊർണൂർ ഗവ പ്രസ്സിലെ ലാസ്കർഗ്രേഡ് II ആയ ശ്രീ. **രാജീവ്.ആർ** നേയും ഗവ സെൻട്രൽ പ്രസ്സ് തിരുവനന്തപുരം മെക്കാനിക് കം വെൽഡർ ഒരു ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രസ്സിലെ ലാസ്കർഗ്രേഡ് II ആയ **ശ്രീ.രഞ്ജിത്ത്.സി.ആർ** നേയും ഷൊർണൂർ ഗവ .പ്രസ്സിലെ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (ഫിറ്റർമെക്കാനിക് ) ഒരു ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രസ്സിലെ ലാസ്കർഗ്രേഡ് II ആയ ശ്രീ. **ഷിജു. വി.യു** .വിനെ കേരള ഗവ പ്രസ്സസ് സബ് ഓർഡിനേറ്റ് സർവീസസ് സ്പെഷ്യൽ റൂൾ - 2016 പ്രകാരം സ്ഥാനക്കയറ്റം/തസ്തികമാറ്റം വഴിയുള്ള നിയമനം (BY PROMOTION FROM QUALIFIED PERSONS IN ANY OTHER CATEGORIES IN THE SERVICE) , നല്കാവുന്നതാണോ എന്ന് ഉത്തരവിനായി

12/02/2025 04:48 PM

**SINDHU S S**
**SS PTG**

---

**Note # 57**

സ്പെഷ്യൽ റൂൾ പ്രകാരം ടി തസ്തികക്ക് വേണ്ട യോഗ്യത ആയ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ന്റെ ഉയർന്ന യോഗ്യത ആയ ബിടെക് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്

ഉള്ള ജീവനക്കാരൻ ലിസ്റ്റിൽ ഉള്ളതിനാലും അധിക യോഗ്യത ഒരു അയോഗ്യത ആണെന്ന് സർവീസ് റൂൾസിൽ പറയാത്തതിന്നാലും ടി വിഷയത്തിൽ കോടതി കേസ് നു സാധ്യത ഉള്ളതിനാലും സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപ്പെടാവുന്നതാണ്.

**14/02/2025 04:31 PM**

**IRISH N**
**AO PTG**

---

**Note # 58**

AGREED

**15/02/2025 10:27 AM**

**VEERAN T**
**DP PTG**

---

**Note # 59**

**15/02/2025 10:39 AM**

**IRISH N**
**AO PTG**

---

**Note # 60**

രണ്ടാം ഗ്രേഡ് ടെക്നീഷ്യൻ തസ്തികയിൽ (തസ്തികമാറ്റം വഴി ) .23/12/2024 ൽ തീരുമാനിച്ചിരുന്ന സർട്ടിഫിക്കറ്റ് പരിശോധനാ സമിതിയിൽ അംഗമായിരുന്ന വർക്ക് ഷോപ്പ് വിഭാഗം ചീഫ് ഫോർമാൻ ശ്രീ. ബിനു വർഗീസ് പങ്കെടുക്കാതിരുന്നതിനെ തുടർന്നു ടിയാന് 28/01/2025 നു കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി .ആയതിന്റെ മറുപടി ലഭിച്ചിട്ടുണ്ട് .(CF പേജ് നമ്പർ 102-103) 23/12/2024 ൽ തീരുമാനിച്ചിരുന്ന സർട്ടിഫിക്കറ്റ് പരിശോധനാ അമിതിൽയിൽ തന്നെ ഉൾപ്പെടുത്തിയ വിവരം താൻ അറിഞ്ഞില്ല എന്നും ടിയാൻ നിലവിൽ പ്രവർത്തനക്രമീകരണാർത്ഥം മണ്ണന്തല ഗവ . പ്രസ്സിൽ ആണ് ജോലി ചെയ്യുന്നതെന്നും അവിടത്തെ ഡെപ്യൂട്ടി സൂപ്രണ്ട് വിടുതൽ ചെയ്താൽ മാത്രമേ തനിക്കു പ്രസ്തുത ചുമതല നിർവഹിക്കാൻ കഴിയുകയുള്ളു എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട് .ആയതിനാൽ ടിയാന്റെ ഭാഗത്തു നിന്ന് വീഴ്ചയോ അനാസ്ഥയോ ഉണ്ടായിട്ടില്ല മറുപടിയിൽ പരാമർശിക്കുന്നുണ്ട് .

എന്നാൽ ഇത് വാസ്തവവിരുദ്ധമാണ് . ടിയാനെ സർട്ടിഫിക്കറ്റ് പരിശോധനാ സമിതിയിൽ ഉൾപ്പെടുത്തിയ വിവരം ഫോൺ സന്ദേശത്തിലൂടെ മണ്ണന്തല ഗവ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിനെ അറിയിക്കുകയും പ്രസ്തുത നോട്ടീസ് 16/12/2024 ന് Mail ചെയ്യുകയും ചെയ്തിരുന്നു .

ടി വിഷയത്തിൽ തുടർ നിർദ്ദേശത്തിനായി ഫയൽ സമര്പ്പിക്കുന്നു .

നോട്ട് നമ്പർ 57,58 നിർദേശമനുസരിച്ച് സ്പെഷ്യൽ റൂൾ പ്രകാരം രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികക്ക് വേണ്ട യോഗ്യത ആയ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ന്റെ ഉയർന്ന യോഗ്യത ആയ ബിടെക് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഉള്ള ജീവനക്കാരൻ ലിസ്റ്റിൽ ഉള്ളതിനാലും അധിക യോഗ്യത ഒരു അയോഗ്യത ആണെന്ന് . സർവീസ് റൂൾസിൽ പറയാത്തതിന്നാലും ടി വിഷയത്തിൽ കോടതി കേസ് നു സാധ്യത ഉള്ളതിനാലും സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപെട്ടു കത്തയക്കാവുന്നതാണ്

**21/02/2025 03:30 PM**

**PRAKASH KUMAR K R**
**E9 PTG**

---

**Note # 61**

കത്തിന്റെ കരട് അംഗീകരിക്കാവുന്നതാണ്.

**24/02/2025 02:54 PM**

**VINU T JOHN**
**JS E II PTG**

---

**Note # 62**

സ്പെഷ്യൽ റൂൾ പ്രകാരം രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയുടെ തസ്തികമാറ്റം / സ്ഥാനക്കയറ്റം /നേരിട്ടുള്ള നിയമനത്തിന് വേണ്ട യോഗ്യത ആയ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്; or (b)NTC/ITI/KGCE certificate in the relevant trade or equivalent qualification എന്ന് പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ ബിടെക് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് പരിഗണിക്കാവുന്നതാണോ എന്നതിന്മേൽ വ്യക്തത വരുത്തുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലും കൂടി കത്ത് അയക്കുന്നത് ഉചിതമാണെന്നു കാണുന്നു.

നോട്ട് 57,58 എന്നിവ കണ്ടാലും. നിർദേശപ്രകാരം തയ്യാറാക്കിയ കത്തിന്റെ കരട് അംഗീകരിക്കാവുന്നതാണ്.

**02/03/2025 11:13 AM**

**SINDHU S S**
**SS PTG**

---

**Note # 63**

സർക്കാരിലേക്കുള്ള കരട് കത്ത് അംഗീകരിക്കാവുന്നതാണ്.

**03/03/2025 02:10 PM**

**IRISH N**
**AO PTG**

---

**Note # 64**

MAY BE APPROVED IF FOUND NECESSARY.

**03/03/2025 04:37 PM**

**VEERAN T**
**SGP PTG**

---

**Note # 65**

Pl.check GO(Rt)1171/2022/HEDN Dtd:30/07/2022.

**04/03/2025 10:42 AM**

**AMEER C A**
**DP PTG**

---

**Note # 66**

**04/03/2025 12:14 PM**

**VEERAN T**
**SGP PTG**

---

**Note # 67**

4/02/2025 ന നടത്തിയ സർട്ടിഫിക്കറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരെ നേരിൽ കണ്ടു പാനൽ അംഗങ്ങൾ സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ഗവണ്മെന്റ് പ്രസ്സസ് സ്പെഷ്യൽ റൂൾ നിർദ്ദേശിക്കുന്ന യോഗ്യതയുള്ളവരും , ഒഴിവുള്ള 3 ടെക്നിഷ്യൻ ഗ്രേഡ് II തസ്തികയിൽ , മണ്ണന്തല ഗവ ,പ്രസ്സിലെ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (മെക്കാനിക് കം വെൽഡർ ) തസ്തികയിലേക്ക് മണ്ണന്തല ഗവ ,പ്രസ്സിലെ ലാസ്കർ ഗ്രേഡ് II ആയ ശ്രീ. ബബിലു.ബിയേയും ഗവ സെൻട്രൽ പ്രസ്സ് തിരുവനന്തപുരം (മെക്കാനിക് കം വെൽഡർ) ഒരു ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രസ്സിലെ ലാസ്കർ ഗ്രേഡ് II ആയ ശ്രീ.രഞ്ജിത്ത്.സി.ആർ നേയും ഷൊർണ്ണൂർ ഗവ .പ്രസ്സിലെ രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ (ഫിറ്റർ മെക്കാനിക് ) ഒരു ഒഴിവിലേക്ക് ഷൊർണ്ണൂർ ഗവ പ്രസ്സിലെ ലാസ്കർ ഗ്രേഡ് II ആയ ശ്രീ. രാജീവ്.ആർ നെ കേരള ഗവ പ്രസ്സസ് സബ് ഓർഡിനേറ്റ് സർവീസസ് സ്പെഷ്യൽ റൂൾ - 2016 പ്രകാരം സ്ഥാനക്കയറ്റം നൽകിയും (BY PROMOTION FROM QUALIFIED PERSONS IN ANY OTHER CATEGORIES IN THE SERVICE) , നിയമിക്കാവുന്നതാണ് .

ടി ഉത്തരവിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു .

**07/03/2025 04:21 PM** **PRAKASH KUMAR K R**
**E9 PTG**

---

**Note # 68**

സ .ഉ (സാധാ) നമ്പർ 57 / 2023 /LBR തീയതി 17/01/2023 കണ്ടാലുpage 105

ഐ ടി ഐ ട്രേഡ് സർട്ടിഫിക്കറ്റ് മറ്റ് ഡിഗ്രി, ഡിപ്ലോമ കോഴ്സ് സർട്ടിഫിക്കറ്റുമായി തുല്യതപ്പെടുത്തുവാനോ ടി കോഴ്സുകൾ ഐ ടി ഐ ട്രേഡ് സർട്ടിഫിക്കറ്റിന്റെ ഉയർന്ന യോഗ്യത എന്ന് പറയുവാനോ കഴിയില്ല എന്ന് സ്പഷ്ടമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്ന സാഹചര്യത്തിൽ 2021 ൽ B.Tech Machanical Engineering യോഗ്യതഉള്ള ശ്രീ . അജ്മൽമോൻ .എ ക്ക് തിരുവനന്തപുരം ഗവ സെൻട്രൽ പ്രസ്സിൽ രണ്ടാം ഗ്രേഡ് ടെക്നിഷ്യനായി നിയമനം നൽകിയ സാഹചര്യം വ്യക്തമാക്കി ഈ വിഷയത്തിൽ സർക്കാരിൽനിന്നും സ്പഷ്ടീകരണം തേടാവുന്നതാണോ ഉത്തരവിനായി.

**11/03/2025 04:51 PM** **VINU T JOHN**
**JS E II PTG**

---

**Note # 69**

ഈ വിഷയത്തിൽ ലാ ഓഫീസറുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും അഭിപ്രായം കുടി ആരായുന്നത് ഉചിതമായിരിക്കും

**14/03/2025 12:45 PM** **SINDHU S S**
**SS PTG**

---

**Note # 70**

സ്പെഷ്യൽ റൂൾ പ്രകാരം രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിലെ തസ്തികക്ക് വേണ്ട യോഗ്യത ആയ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ന്റെ ഉയർന്ന യോഗ്യത ആയ ബിടെക് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഉള്ള ജീവനക്കാരൻ ലിസ്റ്റിൽ ഉള്ളതിനാലും അധിക യോഗ്യത ഒരു അയോഗ്യത ആണെന്ന് സർവീസ് റൂൾസിൽ പറയാത്തതിന്നാലും ടി

വിഷയത്തിൽ കോടതി കേസ് നു സാധ്യത ഉള്ളതിനാലും സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപ്പെടാവുന്നതാണോ എന്നതിന്മേൽ ലോ ഓഫീസർ അഭിപ്രായം അറിയിച്ചാലും

25/03/2025 11:23 PM

BIJIMOL K B
AO PTG

---

Note # 71

Note -70 മേൽ അഭിപ്രായത്തിനായാണ് ഫയൽ ലഭ്യമാക്കിയിരിക്കുന്നത്. 2016-ലെ Kerala Government Presses Subordinate Services Special Rules-ൽ ഗവണ്മെന്റ് പ്രെസ്സിലെ വിവിധ തസ്തികകളുടെ നിയമന രീതിയും യോഗ്യതയും നിഷ്കർഷിച്ചിട്ടുള്ളത്.ടി റൂൾസിലെ റൂൾ 6-ൽ Branch-X,Workshop Section -Category -7-ലാണ് Technician Grade -II-ന്റെ നിയമന രീതിയും യോഗ്യതയും നിഷ്കർഷിച്ചിട്ടുള്ളതു എന്ന് കാണുന്നു.ആയതു ഇപ്രകാരമാണ് ;

"1.Pass in SSLC/JTSLC or equivalent qualification; and
2(a) Diploma in Mechanical Engineering;or
(b) NTC/ITI/KGCE certificate in the relevant trade or equivalent qualification.

ടി ചട്ടത്തിൽ Technician Grade -II -ന്റെ യോഗ്യതയായി B.Tech in Mechanical Engineering നിഷ്കർഷിച്ചിട്ടില്ലാത്തതായി കാണുന്നു. ബഹു.ഹൈക്കോടതി Manikantan and Another V.K.S.E.B Thiruvananthapuram and Others 2014 KHC 243 എന്ന കേസിൽ താഴെ പറയും പ്രകാരം വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്;

"When an applicant possess higher qualification in the same faculty as that of lower qualification prescribed for the post,higher qualification presupposes acquisition of lower qualification prescribed.

പ്രസ്തുത വിധിന്യായ പ്രകാരം ഒരു തസ്തികയിലേക്ക് നിഷ്കർഷിച്ചിരിക്കുന്ന താഴ്ന്ന യോഗ്യതയെക്കാൾ ഒരു അപേക്ഷകന് same faculty-യിൽ ഉയർന്ന യോഗ്യതയുണ്ടെങ്കിൽ പ്രസ്തുത താഴ്ന്ന യോഗ്യത ഉയർന്ന യോഗ്യത നേടുന്നതിനുള്ള ഒരു മുൻ ഉപാധി (presupposes ) ആയിരിക്കേണ്ടതാണ്. ബഹു.ഹൈക്കോടതിയുടെ ടി വിധിന്യായത്തിന്റെ വെളിച്ചത്തിൽ Diploma in Mechanical Engineering എന്നത് B .Tech in Mechanical Engineering നേടുന്നതിനുള്ള ഒരു മുൻ ഉപാധി ആണോ എന്നുള്ള കാര്യം

പരിശോധിക്കേണ്ടതാണ്.Diploma in Mechanical Engineering എന്നത് B .Tech in Mechanical Engineering നേടുന്നതിനുള്ള മുൻ ഉപാധി ആണെന്ന് കണ്ടെത്തുകയാണെങ്കിൽ B .Tech in Mechanical Engineering ടി സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയില്ലാത്ത സാഹചര്യത്തിൽ ഈ ഫയലിലെ വിഷയവുമായി ബന്ധപ്പെട്ടു സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടുന്നത് ഉചിതമാണ്.

**01/04/2025 12:38 PM** **SURESH KUMAR S**
**LO PTG**

---

**Note # 72**

സ്പെഷ്യൽ റൂൾ പ്രകാരം രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയിലെ തസ്തികക്ക് വേണ്ട യോഗ്യത ആയ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ന്റെ ഉയർന്ന യോഗ്യത ആയ ബിടെക് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഉള്ള ജീവനക്കാരൻ ലിസ്റ്റിൽ ഉള്ളതിനാലും അധിക യോഗ്യത ഒരു അയോഗ്യത ആണെന്ന് സർവീസ് റൂൾസിൽ പറയാത്തതിന്നാലും ടി വിഷയത്തിൽ കോടതി കേസ് ന സാധ്യത ഉള്ളതിനാലും സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപ്പെടാവുന്നതാണോ എന്നതിന്മേൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഭിപ്രായം അറിയിച്ചാലും

**01/04/2025 05:39 PM** **BIJIMOL K B**
**AO PTG**

---

**Note # 73**

please peruse the note uploaded by me and arrive at an optimal decision in the matter.

**05/04/2025 12:29 PM** **NIBU ANDREWS**
**AXE PTG**

---

**Note # 74**

രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികയുടെ നിലവിലുള്ള 3 ഒഴിവിലേക്ക് നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ നിന്നും 04/02/2025 ന നടത്തിയ സർട്ടിഫിക്കറ്റ് പരിശോധനയിൽ ഹാജരായ ശ്രീ .ബി . ബബില്ല ബി ടെക് . ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള വ്യക്തിയാണ് . സ്പെഷ്യൽ റൂൾ പ്രകാരം ടി തസ്തികക്ക് വേണ്ട യോഗ്യത ആയ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ന്റെ ഉയർന്ന യോഗ്യത ആയ ബിടെക് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഉള്ള ജീവനക്കാരൻ ലിസ്റ്റിൽ ഉള്ളതിനാലും അധിക യോഗ്യത ഒരു അയോഗ്യത ആണെന്ന് സർവീസ് റൂൾസിൽ പറയാത്തതിന്നാലും ടി വിഷയത്തിൽ കോടതി കേസ് ന സാധ്യത ഉള്ളതിനാലും സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപ്പെടാവുന്നതാണ്.

ഉത്തരവിനായി

**09/04/2025 12:31 PM** **BIJIMOL K B**
**AO PTG**

---

**Note # 75**

Ok.

**09/04/2025 01:58 PM** **AMEER C A**
**DP PTG**

---

**Note # 76**

**09/04/2025 02:02 PM** **BIJIMOL K B**
**AO PTG**

---

**Note # 77**

**09/04/2025 02:32 PM** **SINDHU S S**
**SS PTG**

---

**Note # 78**

അച്ചടി വകപ്പ് ഡയറക്ടറുടെ നോട്ട് നമ്പർ 75 നിർദേശമനസരിച്ച സ്പെഷ്യൽ റൂൾ പ്രകാരം രണ്ടാം ഗ്രേഡ് ടെക്നിഷ്യൻ തസ്തികക്ക് വേണ്ട യോഗ്യത ആയ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ന്റെ ഉയർന്ന യോഗ്യത ആയ ബിടെക് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഉള്ള ജീവനക്കാരൻ ലിസ്റ്റിൽ ഉള്ളതിനാലും അധിക യോഗ്യത ഒരു അയോഗ്യത ആണെന്ന് സർവീസ് റൂൾസിൽ പറയാത്തതിന്നാലും ടി വിഷയത്തിൽ കോടതി കേസ് ന സാധ്യത ഉള്ളതിനാലും സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപെട്ട കത്തയക്കാവുന്നതാണ് .

പ്രസ്തുത കത്തിന്റെ കരട് (DFA 333791) അംഗീകാരത്തിനായി സമർപ്പിക്കുന്നു .

**11/04/2025 12:39 PM** **PRAKASH KUMAR K R**
**E9 PTG**

---

**Note # 79**

സർക്കാരിലേക്കുള്ള കത്തിന്റെ കരട് അംഗീകരിക്കാവുന്നതാണ്.

**16/04/2025 03:29 PM** **VINU T JOHN**
**JS E II PTG**

---

**Note # 80**

കത്തിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുക

**19/04/2025 12:24 PM** **SINDHU S S**
**SS PTG**

---

**Note # 81**



File No. PTGD/1587/2024-E9 (Computer No. 76090)

കത്തിലെ അപാകത പരിഹരിച്ച ഫയൽ പുനർസമർപ്പിക്കുന്നു .

**21/04/2025 11:58 AM** **PRAKASH KUMAR K R**
**E9 PTG**

---

**Note # 82**
കത്ത് ഒന്ന് കൂടി വായിച്ചു തെറ്റുകൾ തിരുത്തി ജൂനിയർ സൂപ്രണ്ട് മുഖേന സമർപ്പിക്കുക.

**21/04/2025 12:34 PM** **SINDHU S S**
**SS PTG**

---

**Note # 83**

**21/04/2025 12:55 PM** **PRAKASH KUMAR K R**
**E9 PTG**

---

**Note # 84**
പരിഷ്ക്കരിച്ച കത്തിന്റെ കരട് അംഗീകരിക്കാവുന്നതാണ്.

**22/04/2025 12:43 PM** **VINU T JOHN**
**JS E II PTG**

---

**Note # 85**
കത്തിന്റെ കരട് അംഗീകരിക്കാവുന്നതാണ്

**22/04/2025 09:29 PM** **SINDHU S S**
**SS PTG**

---

**Note # 86**
നമ്പർ 75 നിർദേശമനുസരിച്ച സ്പെഷ്യൽ റൂൾ പ്രകാരം രണ്ടാം ഗ്രേഡ് ടെക്‌നിഷ്യൻ തസ്തികക്ക് വേണ്ട യോഗ്യത ആയ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ന്റെ ഉയർന്ന യോഗ്യത ആയ ബിടെക് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഉള്ള ജീവനക്കാരൻ ലിസ്റ്റിൽ ഉള്ളതിനാലും അധിക യോഗ്യത ഒരു അയോഗ്യത ആണെന്ന് സർവീസ് റൂൾസിൽ പറയാത്തതിന്നാലും ടി വിഷയത്തിൽ കോടതി കേസ് നു സാധ്യത ഉള്ളതിനാലും സർക്കാരിന്റെ സ്പഷ്ടീകരണം ആവശ്യപെട്ടു കത്തയക്കാവുന്നതാണ് .
പ്രസ്തുത കത്തിന്റെ കരട് (DFA 333791) അംഗീകാരത്തിനായി

**23/04/2025 12:09 PM** **BIJIMOL K B**
**AO PTG**

---

**Note # 87**

**23/04/2025 03:54 PM** **AMEER C A**
**DP PTG**

---

**Note # 88**

**23/04/2025 04:37 PM** **BIJIMOL K B**
**AO PTG**

---

**Note # 89**

**23/04/2025 04:54 PM** **SINDHU S S**
**SS PTG**

---

**Note # 90**

അച്ചടി വകപ്പിന് കിഴിലുള്ള് തിരുവന്തപുരം സെൻട്രൽ പ്രസ്സിലെ വർക്ക് ഷോപ്പ് വിഭാഗം ചിഫ് ഫോർമാൻ ആയ ശ്രീ. ബിനു വർഗീസ് കലണ്ടർ,ഡയറി അച്ചടിയും വിതരണവും ആയി ബന്ധപെട്ട ജോലികൾക്കായി പ്രവർത്തനക്രമീകരണണാർത്ഥം മണ്ണത്തല ഗവ പ്രസ്സിൽ 31/3/2025 വരെ നിയമിച്ച ഉത്തരവായിട്ടുണ്ട് (ഫയൽ നമ്പർ PTGD/1972/2024-E9 Dted.01/11/2024) ടി ഉത്തരവ് പ്രകാരം ടിയാനെ 4/11/2024 അപരാഹ്നത്തിൽ ഈ കാര്യലയതിൽ നിന്ന് വിടുതൽ ചെയ്തിരുന്നു .എന്നാൽ ടിയാൻ 28/10/2024 മുതൽ 02/12/2024 വരെ അവധിയിൽയിലായിരുന്നതിനാൽ 4/11/2024 ന വിടുതൽ ചെയ്ത വിവരം ടിയാനെ ഫോൺ മുഖേനെ അറിയിച്ചിരിന്നു .ടിയാൻ അവധി കഴിഞ്ഞു 4/12/2024 ന വർക്ക് ഷോപ്പ് സെക്ഷനിൽ ജോലി ചെയ്യുകയും 5/12/2024 ന വർക്ക് ഷോപ്പ് സെക്ഷനിൽ ഹാജരായ വിവരം ടൈം ഓഫീസിൽ നിന്ന് അറിയിച്ചതിനെ തുടർന്നു വിടുതൽ ഉത്തരവ് ടിയാന് നൽകുകയും ചെതിരുന്നു . ടിയാൻ 6/12/2024 ന പൂർവാഹ്നത്തിൽ മണ്ണത്തല ഗവ പ്രസ്സിൽ ജോലിയിൽ പ്രവേശിച്ചതായി ഡെപ്യൂട്ടി സൂപ്രണ്ട് കത്ത് മുഖേനെ അറിയിച്ചിട്ടുണ്ട് .ടി ജീവനക്കാരൻ 4/12/2024, 5/12/2024 തീയതികളിൽ ഈ കാര്യലയതിൽ പഞ്ച് ചെയ്യുകയും സെക്ഷനിൽ ജോലി ചെയ്യതായി അറിയിച്ചിട്ടുണ്ട് .ആയതിനാൽ ടി ജീവനക്കാരന് പ്രസ്തുത ദിവസങ്ങളിലെ ഡ്യൂട്ടി ക്രമവത്കരിച്ച ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് .

ടി ഉത്തരവിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു .

**28/04/2025 12:13 PM** **PRAKASH KUMAR K R**
**E9 PTG**

---

**Note # 91**

ഈ വിഷയം സംബന്ധിക്കുന്ന PTGD/1972/2024-E9 നമ്പർ ഫയലിൽ നടപടി സ്വീകരിക്കുക.

**28/04/2025 01:55 PM** **VINU T JOHN**
**JS E II PTG**

---

**Note # 92**

ശ്രീ. ബിനു വർഗീസ് സർട്ടിഫിക്കറ്റ് പരിശോധനാ സമിതിയിൽ അംഗമായിരുന്നുവെങ്കിലും ടിയാൻ പങ്കെടുക്കാതിരുന്നതിരുന്നതിനു കുറ്റരോപണ മെമ്മോ നൽകുകയുണ്ടായി .ആയതിന്റെ മറുപടി ഈ ഫയലിൽ ആണ് ചെയ്തിരുന്നത് ആയതിനാലാണ് ടിയാന്റെ ഡ്യൂട്ടി ക്രമവത്കരിച്ച ഉത്തരവ് ഈ ഫയൽലിൽ ചെയ്തത് .

**28/04/2025 03:21 PM** — **PRAKASH KUMAR K R**
**E9 PTG**

---

**Note # 93**

04.12.2024, 05.12.2024 തീയതികളിൽ പഞ്ച്ചെയ്ത് തിരുവനന്തപുരം ഗവണ്മെന്റ് പ്രസ്സിലെ വർക്ക്ഷോപ്പ് സെക്ഷനിൽ ജോലി ചെയ്ത ടി ജീവനക്കാരന്റെ നടപടി ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ സാധൂകരിച്ചും പ്രസ്തുത ദിവസങ്ങളിലെ ഡ്യൂട്ടി ക്രമവത്കരിച്ചും ഉത്തരവാകാവുന്നതാണ്.

**05/05/2025 01:09 PM** — **VINU T JOHN**
**JS E II PTG**

---

**Note # 94**

ഉത്തരവിലെ അപാകതകൾ പരിഹരിച്ചു പരിഷ്കരിച്ചു സമർപ്പിക്കുക

**09/05/2025 10:42 PM** — **SINDHU S S**
**SS PTG**

---

**Note # 95**

**12/05/2025 12:45 PM** — **PRAKASH KUMAR K R**
**E9 PTG**

---

**Note # 96**

**13/05/2025 12:35 PM** — **VINU T JOHN**
**JS E II PTG**

---

**Note # 97**

ഉത്തരവിന്റെ കരട് അംഗീകരിക്കാവുന്നതാണ്

**13/05/2025 01:38 PM** — **SINDHU S S**
**SS PTG**

---

**Note # 98**

speak

15/05/2025 04:27 PM — **BIJIMOL K B**
**AO PTG**

---

**Note # 99**

16/05/2025 10:40 AM — **SINDHU S S**
**SS PTG**

---

**Note # 100**

21/05/2025 12:20 PM — **PRAKASH KUMAR K R**
**E9 PTG**

---

**Note # 101**

അച്ചടി വകുപ്പിന് കിഴിലുള്ള തിരുവനന്തപുരം സെൻട്രൽ പ്രസ്സിലെ വർക്ക് ഷോപ്പ് വിഭാഗം ചിഫ് ഫോർമാൻ ആയ ശ്രീ. ബിനു വർഗീസ് കലണ്ടർ,ഡയറി അച്ചടിയും വിതരണവും ആയി ബന്ധപെട്ട ജോലികൾക്കായി പ്രവർത്തനക്രമീകരണണാർത്ഥം മണ്ണന്തല ഗവ പ്രസ്സിൽ 31/3/2025 വരെ നിയമിച്ച ഉത്തരവായിട്ടുണ്ട് (ഫയൽ നമ്പർ PTGD/1972/2024-E9 Dted.01/11/2024) ടി ഉത്തരവ് പ്രകാരം ടിയാനെ 4/11/2024 അപരാഹ്നത്തിൽ ഈ കാര്യലയതിൽ നിന്ന് വിട്ടുതൽ ചെയ്തിരുന്നു.

എന്നാൽ ടിയാൻ 28/10/2024 മുതൽ 02/12/2024 വരെ അവധിയിൽയിലായിരുന്നതിനാൽ 4/11/2024 ന വിട്ടുതൽ ചെയ്ത വിവരം ടിയാനെ ഫോൺ മുഖേനെ അറിയിച്ചിരിന്നു .ടിയാൻ അവധി കഴിഞ്ഞു 4/12/2024 ന വർക്ക് ഷോപ്പ് സെക്ഷനിൽ ജോലി ചെയ്യുകയും 5/12/2024 ന വർക്ക് ഷോപ്പ് സെക്ഷനിൽ ഹാജരായ വിവരം ടൈം ഓഫീസിൽ നിന്ന് അറിയിച്ചതിനെ തുടർന്നു വിട്ടുതൽ ഉത്തരവ് ടിയാന് നൽകുകയും ചെതിരുന്നു . ടിയാൻ 6/12/2024 ന പൂർവാഹ്നത്തിൽ മണ്ണന്തല ഗവ പ്രസ്സിൽ ജോലിയിൽ പ്രവേശിച്ചതായി ഡെപ്യൂട്ടി സൂപ്രണ്ട് കത്ത് മുഖേനെ അറിയിച്ചിട്ടുണ്ട് .ടി ജീവനക്കാരൻ 4/12/2024, 5/12/2024 തീയതികളിൽ ഈ കാര്യലയതിൽ പഞ്ച് ചെയ്യുകയും സെക്ഷനിൽ ജോലി ചെയ്തതായി അറിയിച്ചിട്ടുണ്ട് .ആയതിനാൽ ടി ജീവനക്കാരന് പ്രസ്തുത ദിവസങ്ങളിലെ ഡ്യൂട്ടി ക്രമവത്കരിച്ച ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് .

ടി ഉത്തരവിന്റെ കരട് അംഗീകാരത്തിനായി

22/05/2025 03:28 PM — **BIJIMOL K B**
**AO PTG**

---

**Note # 102**

24/05/2025 11:25 AM — AMEER C A, DP PTG

---

**Note # 103**

24/05/2025 11:30 AM — BIJIMOL K B, AO PTG

---

**Note # 104**

24/05/2025 11:46 AM — SINDHU S S, SS PTG

---

**Note # 105**

26/09/2025 02:15 PM — VINU T JOHN, JS E II PTG

---